**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.288 | 28.10.2019 ൽ മറുപടിക്ക്

# കാസർഗോഡ് ജില്ലയിലെ ഫാമിലി ഹെൽത്ത് സെന്ററുകൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പി.എച്ച്.സി.കൾ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 7 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ൽ 22 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ പി.എച്ച്.സി.യിലും എത്ര തസ്തികകളാണ് അധികമായി അനുവദിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കാസർഗോഡ് ജില്ലയിലെ 7 കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് സംസ്ഥാനത്ത് തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ഉദുമ മണ്ഡലത്തിൽ പി.എച്ച്.സി.യായി ഉയർത്തിയ ആശുപത്രികളിൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഉദുമ മണ്ഡലത്തിലെ ഉദുമ പി.എച്ച്.സി.യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഈ ആശുപത്രികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (ഡി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങളിൽ 2017-18 സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 7 സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>1. എഫ്.എച്ച്.സി.ഉദുമ – 12,83,100/-<br>2. എഫ്.എച്ച്.സി.വോർക്കാടി - 12,53,200/-<br>3. എഫ്.എച്ച്.സി.എണ്ണപ്പാറ – 10,09,100/-<br>4. എഫ്.എച്ച്.സി. മൊഗ്രാൽ പുത്തൂർ - 10,38,200/-<br>5. എഫ്.എച്ച്.സി. കയ്യൂർ - 12,63,500/- |

| | | | |
|---|---|---|---|
| | | | 6. എഫ്.എച്ച്.സി.മുള്ളേരിയ – 12,01,000/-<br>7. എഫ്.എച്ച്.സി. കരിന്തളം 13,75,400/-<br>ടി സ്ഥാപനങ്ങളിലെല്ലാം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്ത സ്ഥാപനങ്ങളിൽ കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങൾക്ക് 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബേയാർ, തൈക്കടപ്പുറം, തുരുത്തി, ഓലാട്ട്, മാവിലകടപ്പുറം, പള്ളിക്കര, അഡൂർ, ബെല്ലൂർ, കുംബഡജെ, പൂത്തിഗെ, എന്നീ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതവും ചിറ്റാരിക്കൽ, നർക്കിലക്കാട്, വലിയപറമ്പ്, പഡ്ന, പനത്തൂർ, മൗക്കോട്, ഉടുമ്പുംതല, അജാനൂർ, മടിക്കൈ, ആനന്ദാശ്രമം, ചട്ടംചാൽ, പെർള എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ട് മുഖേന 15.50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ 2 സ്ഥാപനങ്ങളിൽ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. 5 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ട് സ്ഥാപനത്തിൽ DPR തയ്യാറാക്കി വരുന്നു. രണ്ട് സ്ഥാപനങ്ങളിൽ സിവിൽ വർക്ക് ആരംഭിച്ചിട്ടുണ്ട്. 9 സ്ഥാപനങ്ങളിൽ DPR തയ്യാറാക്കി സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 2 സ്ഥാപനങ്ങളിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ